# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

## പത്രക്കുറിപ്പ്

തീയതി. 13.02.2025

**മനുഷ്യ വന്യജീവി സംഘർഷം : ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തും**

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ വനം വകുപ്പ് നടപടി സ്വീകരിക്കും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്യോഗതല യോഗത്തിലാണ് തീരുമാനം. ഡ്രോൺ ഓപ്പറേറ്റിംഗ് ഏജൻസികളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മനുഷ്യ വന്യജീവി സംഘർഷം കൂടുതലുള്ള ഹോട്ട് സ്പോട്ടുകളിലാണ് പ്രധാനമായും ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തുക. വന്യമൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയെ ശല്യപ്പെടുത്താതെ ആയിരിക്കും നിരീക്ഷണം നടത്തുകയെന്നും പ്രമോദ് ജി കൃഷ്ണൻ പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലെയും ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുന്നതിന് കൂടുതൽ കാമറകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു.

തദ്ദേശ ഗോത്ര വിഭാഗങ്ങളുടെ കാടറിവിനെ ഉപയോഗപ്പെടുത്താൻ വനംമന്ത്രി എ കെ ശശീന്ദ്രന്റെ അധ്യക്ഷതയിൽ ആദിവാസി വിഭാഗങ്ങളുമായി ചർച്ച സംഘടിപ്പിക്കും. ആദിവാസികളുടെ അറിവിനെ ഉപയോഗപ്പെടുത്തുകയും വനംവകുപ്പിന്റെ നിർദ്ദേശങ്ങൾ ഫലപ്രദമായി ആദിവാസികളിൽ എത്തിക്കുകയുമാണ് ലക്ഷ്യം. കേരളത്തിലെ 36 ഗോത്രസമൂഹങ്ങളെ ഇതിന്റെ ഭാഗമാക്കും. ആദ്യ യോഗം മാർച്ച് ഒന്നിന് വയനാട് കുറുവ ദ്വീപിൽ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബയോഡൈവേഴ്സിറ്റി ബോർഡ്, പട്ടികവർഗ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനവും ഉദ്യമത്തിൽ ഉപയോഗപ്പെടുത്തും.

കുരങ്ങുകളുടെ വംശ വർധന തടയുന്നതിനുള്ള നടപടികൾക്കായി അവയെ ഷെഡ്യൂൾ ഒന്നിൽ നിന്നും ഷെഡ്യൂൾ രണ്ടിലേക്ക് മാറ്റുന്നതിനുള്ള ശുപാർശ നൽകിയിട്ടുണ്ട്. കേന്ദ്രഫലം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശപ്രകാരം നാട്ടുകുരങ്ങുകളുടെയും കാട്ടുകുരങ്ങളുടെയും എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കും.

കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിന് പഞ്ചായത്തുകൾക്ക് എംപാനൽ ചെയ്ത ഷൂട്ടേഴ്സിന്റെ സേവനം നൽകും. വന്യമൃഗങ്ങൾക്ക് കാട്ടിൽതന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്ന ''മിഷൻ ഫുഡ്, ഫോഡർ & വാട്ടർ'' പദ്ധതി ത്വരിതപ്പെടുത്തുമെന്നും വൈൽഡ് ലൈഫ് വാർഡൻ പറഞ്ഞു.

പി ആർ സാബു
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
9847020388